# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 344 10.12.2012 -ൽ മറുപടിയ്ക്ക്

## <u>തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ട്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്: | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാറാട് കൂട്ടക്കൊലക്കേസ് ഗൂഢാലോചന ഉൾപ്പെടെയുള്ളവ സി. ബി. ഐ. യെ ക്കൊണ്ടന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്രത്തിനയച്ച കത്തിന്മേലുള്ള കേന്ദ്രനില പാടെന്തെന്ന് വ്യക്തമാക്കുമോ ; | എ) പ്രധാന സംഭവവും അതിനു പിന്നിലെ ഗൂഢാലോചനയും പരസ്പരബന്ധിതമായതിനാൽ പ്രധാന സംഭവം അന്വേഷിക്കാതെ അതിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് മാത്രം അർത്ഥവത്തായ ഒരന്വേഷണം നടത്താൻ സി. ബി. ഐ. യ്ക്ക് കഴിയില്ല, സംഭവം നടന്ന് നാലു വർഷങ്ങൾക്കു ശേഷം ഇക്കാര്യത്തിൽ ഫലപ്രദമായ സി. ബി. ഐ.അന്വേഷണം പ്രായോഗികമല്ല. എന്നിങ്ങനെ ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ ആവശ്യം നിരസിച്ചത്. കേസിൽ സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും കേന്ദ്ര സർക്കാർ മുൻ നിലപാട് ആവർത്തിക്കുകയാണ് ചെയ്തത്. |
| ബി) ഈ കേസന്വേഷണം സി. ബി. ഐ. യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടികളൊന്നും സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ? ; | ( ബി) ആന്റ് (സി)<br><br>സി.ബി.ഐ. അന്വേഷണം വേണമെന്നസംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച അന്വേഷണം ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചുകൊണ്ട് 06.04.2010- ൽ സർക്കാർ ഉത്തരവിട്ടു. ക്രൈംസ് വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ പ്രസ്തുത സംഘം അന്വേഷണം നടത്തി വരുന്നതിനാൽ സി.ബി.ഐ. അന്വേഷണത്തിന് കേന്ദ്ര സർക്കാരിൽ പിന്നീട് സമ്മർദ്ദം ചെലുത്തുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ